കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ചേലേമ്പ്ര ഗ്രാമ പഞ്ചായത്ത്
2017-18

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ എംപിഎം.6/1995/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

ഇ-മെയിൽ -dompm.ksad@kerala.gov.in

വെബ് -www.lfa.kerala.gov.in

ഫോൺ 0483 2734951

തീയതി. 08-10-2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

ചടലേമ്പ്ര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

***********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത

തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈൻ ആയി ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

3)കാര്യാലയ പകർപ്പ്

നം കെ എസ് എ.എം.പി.എം.6/1995/2018 തിയ്യതി: 08-10-2018

## മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.07.2017 മുതൽ 04.07.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണകുറിപ്പുകൾ നല്കിയതിൽ 08 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/രേഖകൾ/വിവരങ്ങൾ/വിശദീകരണം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ: ശ്രീ.എ.എസ് ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 05.07.2018 മുതൽ 18.07.2018 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.സുരേഷ് പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. ദിനേശൻ എം | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി സെൽമത്ത് ടി.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി സിന്ധു ഐ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. സി. രാജേഷ് | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. സുധീർ കെ | 01.04.2017 മുതൽ 31.03.2018 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി ഷീജ കെ. അഹമ്മദ്, അസിസ്റ്റന്റ് സെക്രട്ടറി | 01.04.2017 മുതൽ 31.03.2018 വരെ |
| ശ്രീ. തുളസീദാസ് കെ.സി, കൃഷി ഓഫീസർ | 01.04.2017 മുതൽ 31.03.2018 വരെ |
| ശ്രീ.രാജപ്പൻ പി.ജി, അസിസ്റ്റന്റ് എഞ്ചിനീയർ | 01.04.2017 മുതൽ 27.10.2017 വരെ |
| ശ്രീ. ചാൾസ് റാഫി, അസിസ്റ്റന്റ് എഞ്ചീനീയർ | 28.10.2017 മുതൽ 07.02.2018 വരെ |
| ശ്രീമതി സജ്ന ഒ, അസിസ്റ്റന്റ് എഞ്ചീനീയർ | 08.02.2018 മുതൽ 31.03.2018 വരെ |
| ശ്രീ. രാജേഷ് എം.പി, വി.ഇ.ഒ | 01.04.2017 മുതൽ 31.3.2018 വരെ |

| | |
|---|---|
| ഡോ. മേനക വാസുദേവ്, മെഡിക്കൽ ഓഫീസർ | 01.04.2017 മുതൽ 31.03.2018 വരെ |
| ഡോ. അൽസ മറിയം, മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01.04.2017 മുതൽ 31.03.2018 വരെ |
| ഡോ. ആതിര, മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01.04.2017 മുതൽ 04.05.2017 വരെ |
| ഡോ.പ്രസൂൺ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | 05.05.2017 മുതൽ 31.03.2018 വരെ |
| ശ്രീമതി ജമീല സി.ഒ.ടി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01.04.2017 മുതൽ 31.03.2018 വരെ |
| ഡോ. രശ്മി പി, വെറ്റിനറി സർജൻ | 01.04.2017 മുതൽ 18.02.2018 വരെ |
| ഡോ. മധുസൂധനൻ, വെറ്റിനറി സർജൻ | 19.02.2018 മുതൽ 31.03.2018 വരെ |
| ശ്രീമതി അനല എസ് മേനോൻ, ഡയറി ഫാം ഇൻസ്ട്രക്ടർ | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

| ക്രമ നമ്പർ | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തൊഴിലുറപ്പുപദ്ധതി | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് പരിശോധന | 1(9) |
| 10 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാന്വൽ പാർട്ട് അനുബന്ധം ബി) | 1(10) |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(11) |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1(12) |
| 13 | കെട്ടിടനിർമ്മാണപെർമിറ്റ് സോഫ്റ്റ് വെയറിലെ അപാകതമൂലം പഞ്ചായത്തുകൾക്ക് നഷ്ടം | 2(1) |
| 14 | തൊഴിൽ നികുതി അപാകതകൾ | 2(2) |
| 15 | ഡി ആന്റ് ഒ ലൈസൻസ് എടുക്കാതെ വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നു. | 2(3) |
| 16 | താല്ക്കാലിക ഡ്രൈവർക്ക് അധികവേതനം നല്കിയത് | 3(1) |
| 17 | വെള്ളക്കരം സംയുക്തപരിശോധന നടത്തിയിട്ടില്ല | 3(2) |
| 18 | കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് വിനിയോഗവിവരം ലഭിച്ചിട്ടില്ല | 3(3) |
| 19 | സാക്ഷരതാ തുല്യതാ പരീക്ഷ – അപാകതകൾ | 3(4) |
| 20 | പശ്ചാത്തലമേഖലയിലെ പ്രൊജക്റ്റുകളുടെ രൂപീകരണവും മോണിറ്ററിങ്ങും – അപാകതകൾ | 3(5) |
| 21 | അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിലെ പ്രവർത്തനത്തിലെ പോരായ്മകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ് | 3(6) |
| 22 | ഗുണഭോക്തൃസമിതികളുടെ രേഖകൾ ഹാജരാക്കിയിട്ടില്ല | 3(7) |
| 23 | ചോലയിൽപുറായി കല്ലിങ്ങൽതൊടി മേത്തൽ റോഡ് പ്രൊജക്റ്റ് നിർവഹണത്തിലെ അപാകതകൾ | 3(8) |
| 24 | ജി.എസ്.ടി ഈടാക്കാതെ ടെണ്ടർ ഫോറം വില്പന നടത്തി | 3(9) |
| 25 | തിരുവങ്ങാട്താഴം അംഗനവാടി – കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 3(10) |
| 26 | പെൺകുട്ടികൾക്ക് കരാട്ടെപരിശീലനം പദ്ധതി നിർവഹണത്തിലെ അപാകതകൾ | 3(11) |
| 27 | വയോജനങ്ങൾക്ക് കട്ടിൽ പ്രൊജക്റ്റ് നിർവഹണത്തിലെ അപാകതകൾ | 3(12) |
| 28 | പാലിയേറ്റീവ് രോഗികൾക്ക് മരുന്നും ഭക്ഷണവും മാർഗ്ഗരേഖ പാലിക്കേണ്ടതാണ് | 3(13) |
| 29 | മരുന്നുകൾ ലഭ്യമായില്ല | 3(14) |
| 30 | പരിരക്ഷാപദ്ധതി അപാകതകൾ | 3(15) |
| 31 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 32 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4(2) |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4(3) |
| 34 | വായ്പ വായ്പ തിരിച്ചടവ് | 4(4) |

| | | |
|---|---|---|
| 35 | സ്ഥിരനിക്ഷേപം | 4(5) |
| 36 | ഓഡിറ്റ് റിക്കവറി | 4(6) |
| 37 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4(7) |
| 38 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4(8) |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4(10) |

അനുബന്ധം

1. ഓഡിറ്റ് സാക്ഷ്യപത്രം

2. എ.എഫ്.എസ്. സംക്ഷിപ്തം

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് 29.03.2017 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|---|
| 2017-18 | 31.07.2018 | 15.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ, തിയതി |
|---|---|---|
| 2017-18 | 25.06.2018 മുതൽ 26.06.2018 വരെ | കെ.എസ്.എം.പി.എം.6/1447/2018 തീയതി 03-07-18 |

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,82,31,268.85 |
| വരവ് | 8,45,86,440 |
| ആകെ | 11,28,17,708.85 |
| ചെലവ് | 9,76,99,289 |
| നീക്കിയിരിപ്പ് | 1,51,18,419.85 |

## 1-5 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | -- | 1,39,83,000 | 1,39,83,000 | 1,32,66,008 | 7,16,992 |
| വികസനഫണ്ട് എസ്.സി.പി | | 57,79,469 | 57,79,469 | 52,25,542 | 5,53,927 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി | -- | -- | -- | -- | -- |
| സംരക്ഷണഗ്രാന്റ് റോഡ് | | 67,72,000 | 67,72,000 | 46,94,286 | 20,77,714 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 31,41,000 | 31,41,000 | 26,23,182 | 5,17,818 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | | 1,08,05,532 | 1,08,05,532 | 66,68,282 | 41,37,250 |
| കെ.എൽ.എസ്.ജി.ഡി.പി | | 2,33,044 | 2,33,044 | 2,33,044 | -- |
| കെ.ജി.ബി സാനിറ്റേഷൻ | 2,93,985 | 16,54,017 | 19,48,002 | 21,493 | 19,26,509 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 1,11,92,165 | 1,35,05,305 | 2,46,97,470 | 2,78,07,295 | (-)3109825 |
| കെ.ജി.ബി ലിറ്ററസി | 2,534 | 128 | 2,662 | 2,662 | -- |
| എൻ.ആർ.ഇ.ജി.എസ് | 1,13,512 | 2,33,57,628 | 2,34,71,140 | 2,33,56,285 | 1,14,855 |
| ജലനിധി (കനറാ ബാങ്ക്) | 7,50,252 | 2,19,11,917 | 2,26,62,169 | 1,78,05,456 | 48,56,713 |
| ട്രഷറി റ്റി.എസ്.ബി ജോയിന്റ് വെഞ്ചർ | -- | 2,00,000 | 2,00,000 | 2,00,000 | -- |
| എസ്.ബി.ഐ കറന്റ് അക്കൗണ്ട് | 3,39,739 | 65,019 | 4,04,758 | 1,24,591 | 2,80,167 |
| തനത് ഫണ്ട് (കോ-ഓപ്പറേറ്റീവ് ബാങ്ക്) | 1,53,40,128 | 1,67,09,067 | 3,20,49,195 | 2,12,58,951 | 1,07,90,244 |
| ബി ഫണ്ട് | -- | 4,42,47,678 | 4,42,47,678 | 4,42,47,678 | -- |
| തനത് ഫണ്ട് (കെ.ജി.ബി) | -- | 26,65,759 | 26,65,759 | 25,00,000 | 1,65,759 |
| കെ.ജി.ബി (കുടുംബശ്രീ) | 1,55,759 | 7,338 | 1,63,097 | 1,63,097 | -- |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ എണ്ണം(%) |
|---|---|---|---|---|---|---|
| 254 | 84665072 | 174 | 52301292 | -- | 80 | 68.5 |

| നിർവഹണോദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 4303500 | 2522702 | 58.61 |
| വെറ്റിനറി സർജൻ | 05 | 05 | 3800000 | 1910500 | 50.27 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 04 | 04 | 875000 | 715155 | 81.73 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01 | 01 | 600000 | 600000 | 100 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ | 08 | 04 | 5111300 | 4164000 | 81.46 |
| ഐ.സി.ഡി.എസ് ഓഫീസർ | 11 | 11 | 7363744 | 6878529 | 93.41 |
| സെക്രട്ടറി | 41 | 28 | 12223313 | 8256957 | 67.55 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 163 | 101 | 45351215 | 23122324 | 61.96 |
| ഡയറിഫാം ഇൻസ്പെക്ടർ | 01 | 01 | 270000 | 270000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 09 | 4767000 | 3861125 | 80.99 |
| ആകെ | 254 | 174 | 84665072 | 52301292 | 68.50 |

പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ്ച്ചെലവായ പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 113512 | 1472839 | 1586351 | 1471496 | 114855 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | -- | 21884789 | 21884789 | 21884789 | -- |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 64800 | 110 |
| കർഷക തൊഴിലാളി പെൻഷൻ | 4372400 | 411 |
| വിധവാ പെൻഷൻ | 11043900 | 951 |
| വാർദ്ധക്യകാല പെൻഷൻ | 23586300 | 2015 |
| വികലാംഗ പെൻഷൻ | 4261300 | 394 |
| വിവാഹ ധനസഹായം | 240000 | 08 |
| 50 വയസിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 659200 | 75 |

## 1-9 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) -ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.07.2018ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 36,770/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാന്വൽ പാർട്ട് I അനുബന്ധം ബി)

1. 2017-18 വർഷത്തിൽ അഞ്ച് ഓഫീസ് തല യോഗങ്ങളാണ് നടന്നിട്ടുള്ളത്. മാസത്തിലൊരിക്കൽ ഓഫീസ് തല യോഗങ്ങൾ ചേരേണ്ടതും ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്തുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നല്കേണ്ടതുമാണ്

2. രശീതികൾ വഴി പിരിച്ചെടുക്കുന്ന തുകകളുടെ അടവ്, പിൻവലിക്കൽ ബാങ്ക് ബുക്കിൽ പോസ്റ്റ് ചെയ്യുന്ന

ചെലവിന്റെ കൃത്യത എന്നിവയിൽ മേലുദ്യോഗസ്ഥന്റെ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്
3. 2017-18 വർഷത്തിൽ ധനകാര്യസ്റ്റാന്റിങ് കമ്മിറ്റി 15 യോഗങ്ങൾ ചേർന്നതിൽ ഒരു യോഗം ഒഴികെയുള്ളവ (06.12.2017) 10-ാം തിയതിക്ക് ശേഷമാണ് ചേർന്നിട്ടുള്ളതും മുൻമാസത്തെ ചെലവുകൾ അംഗീകരിച്ചിട്ടുള്ളതും. യഥാസമയം യോഗം ചേർന്ന് തൊട്ടു മുൻ മാസത്തെ ചെലവുകൾ അധികൃതമാക്കേണ്ടതാണ്.
4. പഞ്ചായത്ത് തല ആസൂത്രണസമിതി, വർക്കിംങ് ഗ്രൂപ്പുകൾ എന്നിവയുടെ മേൽനോട്ട ചുമതലയുള്ള സ്റ്റാന്റിംങ് കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.(ഖണ്ഡിക 3.5 കാണുക)
5. 1994-95 വർഷം മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ തടസങ്ങൾ തീർപ്പാക്കാനവശേഷിക്കുന്നുണ്ട്. അവ തീർപ്പാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.06.2018 | 01.04.2018 മുതൽ 31.05.2018 വരെ | 07.06.2018 |
| എ.ജി ഓഡിറ്റ് | 10.10.2013 മുതൽ 21.10.2013 വരെ | 2012-13 | 17.11.2013 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോ) പ്രധാനപ്പെട്ട അക്കൗണ്ടിങ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല
2. ആസ്തി രജിസ്റ്റർ ഡിപ്രിസിയേഷൻ ചേർത്ത് കാലികമാക്കിയിട്ടില്ല
3. 2016-17 വാർഷികകണക്കിൽ പരാമർശിച്ച അപാകതകളിൽ ക്രമനമ്പർ 4, 5, 7 എന്നിവയൊഴികെയുള്ളവ പരിഹരിക്കാൻ അവശേഷിക്കുന്നു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട നിർമ്മാണ പെർമിറ്റ് - സോഫ്റ്റ് വെയറിലെ അപാകത മൂലം പഞ്ചായത്തിന് നഷ്ടം

1-11-17 മുതൽ ചേലേമ്പ്ര പഞ്ചായത്തിൽ ഓൺലൈൻ ആയിട്ടാണ് കെട്ടിട നിർമ്മാണ പെർമിറ്റുകൾ അനുവദിക്കുന്നത്. അപ്രകാരം 1-11-17 മുതൽ 31-3-18 വരെയുള്ള കാലയളവിലായി അനുവദിച്ച പെർമിറ്റുകളുടെ വിശദവിവരങ്ങൾ പരിശോധിച്ചതിൽ പെർമിറ്റ് എടുക്കാതെ നിർമ്മാണം തുടങ്ങിയ/പൂർത്തീകരിച്ച സംഗതികളിൽ (ഗാർഹിക/ഗാർഹികേതര) ചട്ടപ്രകാരം ഈടാക്കേണ്ട രാജിയാക്കൽ ഫീസ് ഈടാക്കാതെ പെർമിറ്റ് ഫീസ് മാത്രം ഈടാക്കി ക്രമവത്ക്കരണം അനുവദിച്ചതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമ | നിർമ്മിച്ച കെട്ടിടത്തിന്റെ വിസ്തീർണ്ണം(m2) | ഈടാക്കേണ്ട ഫീ | ഈടാക്കിയ ഫീ |
|---|---|---|---|
| നെല്ലോളി അബ്ദുൾ ജലീൽ | 95.89(ഗാർഹികം) | 479 | 240 |
| ആലപ്പടിയൻ റംല | 164.55(ഗാർഹികം) | 1645.5 | 822.75 |
| കിഴക്കേ പീടിയേക്കൽ | 122.36(ഗാർഹികം) | 611.8 | 306 |

| | | | |
|---|---|---|---|
| മുഹമ്മദ്കുട്ടി | | | |

2011ലെ കേരളാപഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പെർമിറ്റ് എടുക്കാതെയുള്ള നിർമ്മാണങ്ങളിൽ ആയത് മേൽ ചട്ടങ്ങൾ പാലിച്ചുകൊണ്ടാണ് എങ്കിൽ മതിയായ രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് ( 2 മടങ്ങ്) ടി നിർമ്മാണങ്ങൾ സെക്രട്ടറിക്ക് ക്രമവൽക്കരിക്കാവുന്നതാണ്.

"സങ്കേതം" എന്ന സോഫ്റ്റ് വെയറിലൂടെയാണ് ഓൺലൈനായി കെട്ടിട നിർമ്മാണ പെർമിറ്റുകൾ നൽകുന്നത്. നിർമ്മാണം തുടങ്ങിയതോ പൂർത്തീകരിച്ചതോ ആയ സംഗതികളിൽ, കെട്ടിട ഉടമകൾ അപേക്ഷ നൽകുന്നത് പെർമിറ്റിനാണെങ്കിൽ പെർമിറ്റിന്റെ നിരക്കിലുള്ള ഫീസ് മാത്രമേ ഈടാക്കാൻ മേൽ സോഫ്റ്റ്വെയറിലൂടെ സാധിക്കുന്നുള്ളൂ. അപേക്ഷ പെർമിറ്റിനാണെങ്കിലും ക്രമവൽക്കരിക്കേണ്ട തരത്തിലുള്ള നിർമ്മാണങ്ങളാണെങ്കിൽ രാജിയാക്കൽ ഫീസ് ഈടാക്കാൻ നിലവിൽ സാധിക്കുന്നില്ല. ആയത് പഞ്ചായത്തിന്റെ ഒരു പ്രധാന വരുമാന മാർഗ്ഗമായ കെട്ടിട നിർമ്മാണ പെർമിറ്റ് ഇനത്തിലുള്ള വരവിൽ വൻതോതിലുള്ള കുറവിന് കാരണമാകുന്നുണ്ട്. ഇത് ബന്ധപ്പെട്ട സോഫ്റ്റ്വെയറിന്റെ അപാകത മൂലമായതിനാൽ ആയത് ബന്ധപ്പെട്ട അധികൃതരെ ബോധ്യപ്പെടുത്തി ആവശ്യമായ മാറ്റം വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും പഞ്ചായത്ത് ഭരണ സമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 തൊഴിൽനികുതി അപാകതകൾ

2017-18 വർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1.ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ.നം. | സ്ഥാപനത്തിൻെറ പേര് | ജീവനക്കാരൻെറ പേര് | അർദ്ധ വർഷം |
|---|---|---|---|
| 1 | മൈകാർഡ് കൺസൾട്ടൻസി & ബയോ സൊല്യൂഷൻസ് പ്രൈ.ലി.കിൻഫ്ര | --- | I,II |
| 2 | Godreg&Boyce Mfg.കാക്കഞ്ചേരി | ----- | I,II |
| 3 | ചേലേമ്പ്ര സർവ്വീസ് CO.ബാങ്ക് | 1.ഷബീറലി.സി.പി. അറ്റൻഡർ<br>2.രഹ്ന.കെ.ജൂനി.ക്ലർക്ക്<br>3.ജ്യോതി. “ “<br>4.ശ്രുതി.എം. “” | II |
| 4 | എ.എൽ.പി.എസ്.പുല്ലുംകുന്ന് | ഉദയകുമാർ.എ. എൽ.പി.എസ്.എ | II (ലീവ്,ട്രാൻസ്ഫർ എന്നിവയുടെ വിവരം ലഭ്യമല്ല) |
| 5. | UPDATED Service Pvt.C/O Rhenes | മുഴുവൻ ജീവനക്കാരുടെയും | I |
| 6. | എസ്.വി.എ.യു.പി.സ്കൂൾ,പുല്ലിപ്പറമ്പ് | 1.പി.എസ്.ദീപ.U.P.S.A<br>2.താരാനാഥ്. O.A | II<br>I (ജോലിയിൽ |

| | | | |
|---|---|---|---|
| | | | പ്രവേശിച്ചതിൻെറ വിവരം ലഭ്യമല്ല.) |
| 3. | തോട്ടത്തിൽ വുഡ് ഇൻഡസ്ട്രീസ് | മുഴുവൻ ജീവനക്കാരുടെയും | II |
| 4 | Exburg ഫാർമസ്യൂട്ടിക്കൽസ് | | I,II (റിട്ടേൺ ലഭിച്ചിട്ടില്ല.) |
| 5 | ചേലേമ്പ്ര കോ-ഓപ്പറേറ്റീവ് അർബൻ സൊസൈറ്റി | മുഴുവൻ ജീവനക്കാരുടെയും | I |

2.സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിൻെറ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ബ്രില്ല്യൻറ് ഫുഡ്സ് Pvt.Ltd. | I, II |
| 2 | Godrej & Boyce MFG, കാക്കഞ്ചേരി | I, II |
| 3 | B.S.N.L | I, II |
| 4 | സപ്ലൈകോ താലൂക്ക്ഡിപ്പോ, കാക്കഞ്ചേരി | I, II |
| 5. | ദേവകിയമ്മ മെമ്മോറിയൽ കോളേജ് ഓഫ് നേഴ്സിംഗ് | II |
| 6 | മാവേലി സ്റ്റോർ, കൊട്ടപ്പുറം | I, II |
| 7 | ബാബിൻ ടെക്നോളജി Pvt.Ltd. | I |
| 8 | Rhenus Centralised Logistics Pvt.Ltd | I |
| 9 | Updated Service Pvt.Ltd | I, II |
| 10 | Golden Pet Bottles | I, II |
| 11 | Plajer footwear | I, II |
| 12 | Sunder wheat roller Flourmills | I, II |
| 13 | ചേലേമ്പ്ര co.op.Urban society | I |
| 14 | Exburg ഫാർമസ്യൂട്ടിക്കൽസ് | I, II |

3.റേഷൻ കടക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന റേഷൻകടകളിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്തതായോ പിരിച്ചെടുത്തതായോ കാണുന്നില്ല.

പ്രസ്തുത അപാകതകൾ ഓഡിറ്റ് എൻക്വയറി (നം.8/16.7.2018) മുഖേന അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൻെറ തനതു വരുമാനം വർധിപ്പിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 2-3 ഡി ആന്റ് ഒ ലൈസൻസ് എടുക്കാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1.വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്മെന്റ് വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്ന 1975 കെട്ടിടങ്ങൾ നിലവിലുള്ളതായി കണ്ടെത്തി.

1975 കെട്ടിടങ്ങളിൽ 2017-18 വർഷത്തിൽ ഡി&ഒ ലൈസൻസെടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി ആന്റ് ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 436 എണ്ണം മാത്രമാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യമോ ഉണ്ടാക്കുന്നതായ, ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നില്ല എന്ന് 23.9.2017 ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗം വിലയിരുത്തിയിട്ടുണ്ട്. മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താതെ അപേക്ഷ നല്കുന്നവർക്ക് ലൈസൻസ് അനുവദിക്കുന്ന രീതിയാണ് പിന്തുടരുന്നത്.

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ പാരാ മെഡിക്കൽ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാരലൽ കോളേജുകൾ എന്നിവയിൽ നിന്ന് നിയമാനുസൃത ഫീസ് വാങ്ങി ലൈസൻസ് നൽകിയിട്ടുണ്ട് എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണ സമിതിയും ഉറപ്പു വരുത്തേണ്ടതാണ്.

വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തുകയും ലൈസൻസ് ഫീസ്, സ്ഥാപനത്തിലെ ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽനികുതി എന്നിവ ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വരവുകൾ യഥാസമയം ലഭ്യമാക്കുന്നതിനും അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കൂടി ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 15/18.07.2018)

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 താത്കാലിക ഡ്രൈവർക്ക് അധിക വേതനം നല്കിയത്

21700005/04.04.2017, 21700051/27.04.2017 എന്നീ വൗച്ചർ നമ്പറുകൾ പ്രകാരം താല്കാലിക ഡ്രൈവറായി ജോലി ചെയ്തിരുന്ന ശ്രീ. മുഹമ്മദ് ഹനീഫക്ക് യഥാക്രമം 01.03.17 മുതൽ 16.03.17 വരെയുള്ള കാലയളവിലേക്ക് 10,400/- രൂപയും 17.03.17 മുതൽ 31.03.17 വരെയുള്ള കാലയളവിലേക്ക് 9,750/- രൂപയും നല്കിയിട്ടുണ്ട്. (ആകെ 20,150/-). GO(P) 28/16/Fin dated 26.02.16 വേതനം പരിഷ്കരിച്ച ഉത്തരവിൽ ദിവസവേതന ഡ്രൈവർക്ക് നല്കാവുന്ന പരമാവധി തുക 17,550/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. അധികമായി നല്കിയ 2,600/- തിരിച്ചടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

07/13.07.2018 അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമായിട്ടില്ല.

## 3-2 വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല

കേരള വാട്ടർ അതോറിറ്റിക്ക് പ്രതിമാസം 37,625/- രൂപ വീതം 4,51,500/- രൂപ 2017-18 വർഷത്തിൽ വെള്ളക്കരം ഇനത്തിൽ നല്കിയിട്ടുണ്ട്. പഞ്ചായത്തിന് കീഴിലുള്ള പ്രവർത്തനക്ഷമമായ വാട്ടർ ടാപ്പുകളുടെ എണ്ണം എത്രയെന്ന് നാളിതുവരെ വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധനനടത്തി തിട്ടപ്പെടുത്തിയിട്ടില്ലാത്തതിനാൽ പഞ്ചായത്ത് അടവാക്കുന്ന തുകയുടെ കൃത്യത പരിശോധിക്കപ്പെടുന്നില്ല. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും സത്വര ശ്രദ്ധ

അനിവാര്യമാണ്.

11/17.07.2018 ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടില്ല.

## 3-3 കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് വിനിയോഗവിവരം ലഭിച്ചിട്ടില്ല

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പ്രൊജക്ട് നമ്പർ 191/2018 കുറ്റിപ്പുറമ്പ് ട്രാൻസ്ഫോർമർ മുതൽ സിൽക് ബ്രിഡ്ജ് സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ എന്ന പ്രൊജക്ടിൽ 21700960/7.3.18 വൗച്ചർ നമ്പർ പ്രകാരം 1,93,842/- രൂപ കെ.എസ്.ഇ.ബി, രാമനാട്ടുകര സെക്ഷനിലെ 67020332004 അക്കൗണ്ട് നമ്പറിലേക്ക് 13.3.18 തിയതിയിൽ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രവൃത്തി തുടങ്ങിയതായോ പൂർത്തീകരിച്ചതായോ ഉള്ള വിവരം ഫയലിൽ നിന്നും ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികളിൽ എഗ്രിമെന്റ് പ്രകാരം പൂർത്തീകരിക്കുന്നുണ്ടോയെന്നുള്ള വിവരം മോണിറ്ററിംഗ് സമിതിയും സ്റ്റാന്റിംഗ് കമ്മിറ്റിയും യഥാസമയം നടപടികൾ കൈക്കൊള്ളാത്തതിനാലാണ് ഇത്തരം അപാകതകൾ സംഭവിക്കുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

10/16.07.2018 ഓഡിറ്റ് അന്വേഷണത്തിന് മറുപടിയിൽ പ്രവൃത്തി പൂർത്തീകരിച്ചാലുടൻ വിനിയോഗ വിവരം ലഭ്യമാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## 3-4 സാക്ഷരതാ തുല്യതാ പരീക്ഷ അപാകതകൾ

2017-18 വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ പ്രൊജക്ടിൽ (പ്രൊജക്ട് നമ്പർ 17/2018) തനത് ഫണ്ട് 1,33,500/- രൂപയും ഗുണഭോക്താക്കൾ 37,050/- രൂപയും ഉൾപ്പെടെ 1,70,550/- രൂപ കേരള സാക്ഷരതാമിഷന് നല്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെയും തുക അടവാക്കിയതിന്റെയും വിവരങ്ങൾ താഴെ കാണിച്ച പ്രകാരമാണ്.

| ക്രമ നമ്പർ | കോഴ്സ് | ഗുണഭോക്താക്കളുടെ എണ്ണം | പഞ്ചായത്ത് വിഹിതം | ഗുണഭോക്തൃ വിഹിതം | ആകെ തുക |
|---|---|---|---|---|---|
| 1 | +1 തുല്യതാപരീക്ഷ | 39 | 39,000 Vr.21701136/26.03.18 | 37,050 Vr.21701137/ 26.03.18 | 76,050 |
| 2 | പത്താംതരം തുല്യതാ പരീക്ഷ | 54 | 94,500 Vr.21701138/26.3.18 | -- | 94,500 |
| | ആകെ | 93 | 1,33,500 | 37,050 | 1,70,550 |

അപാകതകൾ

1. സാക്ഷരതാമിഷൻ തുക കൈപ്പറ്റിയതിന്റെയോ വിനിയോഗിച്ചതിന്റെയോ രേഖകൾ ലഭ്യമായിട്ടില്ല

2. രജിസ്റ്റർ ചെയ്തവരുടെയും കോഴ്സ് പൂർത്തികരിച്ചവരുടെയും വിവരങ്ങൾ ലഭിച്ചിട്ടില്ല

09/16.07.2018 അന്വേഷണക്കുറിപ്പിന് മറുപടിയിൽ രേഖകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-5 പശ്ചാത്തല മേഖലയിലെ പ്രൊജക്ടുകളുടെ രൂപീകരണവും മോണിറ്ററിങ്ങും -

## അപാകതകൾ

ജി.ഒ(എം.എസ്)നം.10/2017 തീയ്യതി 9.1.2017, ജി.ഒ(എം.എസ്)നം .72/2017 തീയ്യതി 29.3.2017 എന്നീ ഉത്തരവുകളിൽ പ്രൊജക്ടുകളുടെ ആസൂത്രണവും നിർവ്വഹണവും മോണിറ്ററിങ്ങും സംബന്ധിച്ച് പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ 2017-18 ൽ ഗ്രാമ പഞ്ചായത്തിന്റെ പശ്ചാത്തല മേഖലയിലെ ആസൂത്രണവും നിർവ്വഹണവും മോണിറ്ററിങ്ങും പരിശോധിച്ചപ്പോൾ, താഴെ പറയുന്ന ന്യൂനതകൾ കണ്ടു.

I പൊതു മരാമത്ത്/ഊർജ്ജ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം തൃപ്തികരമല്ല

പശ്ചാത്തല മേഖലയിലെ പ്രൊജക്ടുകളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും മോണിറ്ററിംഗിലും സുപ്രധാനമായ പങ്ക് വഹിക്കുന്ന വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനത്തിൽ വലിയ പോരായ്മകൾ സംഭവിച്ചിട്ടുണ്ട് എന്ന് അതിന്റെ താഴെ പറയുന്ന പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുകയുണ്ടായി.

എ) സ്റ്റാറ്റസ് റിപ്പോർട്ട് പൂർണ്ണമല്ല.

പശ്ചാത്തല/ഊർജ്ജമേഖലയുടെ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ ഭാഗം 1 പശ്ചാത്തല മേഖലയെ സംബന്ധിച്ച സമഗ്രമായ സ്ഥിതിവിവരക്കണക്കാണ്. പശ്ചാത്തല മേഖലയിലെ കാര്യക്ഷമമായ ആസൂത്രണത്തിന്റെ അടിസ്ഥാനം ഈ സ്ഥിതി വിവരക്കണക്കാണ്. എന്നാൽ റോഡ്, പാലം എന്നിവയൊഴിച്ചുള്ളവയുടെ സ്ഥിതിവിവരക്കണക്കുകൾ (ഉദാ:-സ്കൂളുകൾ, അങ്കണവാടികൾ, ആശുപത്രികൾ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ, കുടിവെള്ള പദ്ധതികൾ) ഈ ഭാഗത്ത് പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ല.

മുൻ വർഷങ്ങളിൽ നടപ്പാക്കിയ പ്രൊജക്ടുകളുടെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തി ഭാവിയിൽ നടപ്പാക്കുന്ന പ്രൊജക്ടുകൾ എപ്രകാരമായിരിക്കണം എന്ന് വ്യക്തമായ ധാരണ നൽകുന്നതിനാണ് സ്റ്റാറ്റസ് റിപ്പോർട്ടിന്റെ ഭാഗം 2 തയ്യാറാക്കുന്നത്. എന്നാൽ നടപ്പാക്കിയ ബഹു ഭൂരിഭാഗം പ്രൊജക്ടുകളും 100% ലക്ഷ്യം കൈവരിച്ചതായാണ് ഈ ഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രോജക്ടുകളെ സംബന്ധിച്ച് ശരിയായ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഈ രീതിയിൽ വിലയിരുത്തൽ നടത്തിയതുകൊണ്ട് പ്രത്യേകിച്ച് ഒരു നേട്ടവും ഇല്ല.

ഭാവി വികസന ആശയങ്ങൾ രേഖപ്പെടുത്തേണ്ട ഭാഗം മൂന്നിലും വികസന ലക്ഷ്യങ്ങളും പ്രൊജക്ട് ആശയങ്ങളും രേഖപ്പെടുത്തേണ്ട ഭാഗം നാലിലും ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

ഗ്രാമ പഞ്ചായത്തുകളിലെ ആസൂത്രണ സമിതിയായാണ് വർക്കിംഗ് ഗ്രൂപ്പുകളെ കണക്കാക്കുന്നത്. ആസൂത്രണ പ്രക്രിയയിൽ സുപ്രധാന പങ്ക് വഹിക്കുന്ന ഈ സമിതികൾ തയ്യാറാക്കി സമർപ്പിക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടും പ്രൊജക്ട് നിർദ്ദേശങ്ങളും അടിസ്ഥാനമാക്കിയാണ് വികസന ലക്ഷ്യം സ്ഥാപിക്കപ്പെടുന്നതും ആയത് നേടുന്നതിനായി അയൽ സഭകളിൽ നിന്നും ഗ്രാമ സഭകളിൽ നിന്നും മറ്റ് താല്പര്യ ഗ്രൂപ്പുകളിൽ നിന്നും പ്രൊജക്ട് നിർദ്ദേശങ്ങൾ ഉയർന്ന് വരുന്നതും. ആയതിനാൽ ആസൂത്രണ പ്രക്രിയയിലെ ചാലക ശക്തിയായ വർക്കിംഗ് ഗ്രൂപ്പിന് സംഭവിച്ച മേൽപ്പറഞ്ഞ അപാകത ഗ്രാമ പഞ്ചായത്തിന്റെ പശ്ചാത്തല മേഖലയിലെ ആസൂത്രണ പ്രക്രിയയെ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന് നിസ്സംശയം പറയാവുന്നതാണ്.

ബി) പ്രൊജക്ടുകൾ മോണിറ്ററിംഗ് നടത്തിയിട്ടില്ല

ആസൂത്രണ മാർഗ്ഗരേഖ പ്രകാരം പ്രൊജക്ട് നിർവ്വഹണത്തിന്റെ ആരംഭം മുതൽ അവസാനം വരെ തുടർച്ചയായി മോണിറ്ററിംഗ് നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ കൺവീനർമാർ അതത് മേഖലകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരാകുമെന്നതിനാൽ, പ്രൊജക്ടുകളുടെ മോണിറ്ററിംഗ് സമയത്ത് വർക്കിംഗ് ഗ്രൂപ്പിൽ നിന്നുള്ള മറ്റൊരു അംഗത്തെ കൺവീനർ ആയി നിയമിക്കണമെന്ന് മാർഗ്ഗ നിർദ്ദേശത്തിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷം നിർവ്വഹണം നടത്തിയ ഒരു മരാമത്ത് പ്രൊജക്ട് പോലും വർക്കിംഗ് കമ്മിറ്റി മോണിറ്ററിംഗിന്

വിധേയമാക്കിയിട്ടില്ല. പ്രൊജക്ട് ഫയലുകളിൽ ഒന്നിൽ പോലും മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ലാത്തതിൽ നിന്നും അതുപോലെ വർക്കിംഗ് ഗ്രൂപ്പിന്റെ മിനുട്സ് ബുക്ക് പരിശോധിച്ചതിൽ നിന്നും ഇക്കാര്യം വ്യക്തമായിട്ടുണ്ട്.

II ഗ്രാമ സഭകൾ പ്രൊജക്ടുകളുടെ ആസൂത്രണത്തിൽ സജീവമായ പങ്ക് വഹിച്ചിട്ടില്ല

വിവിധ ഗ്രാമ സഭകളുടെ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കരട് പദ്ധതി രേഖയിൽ ഉൾപ്പെട്ട അതത് ഗ്രാമ സഭകളുടെ പരിധിയിൽ വരുന്ന പശ്ചാത്തല മേഖലയിലെ പ്രൊജക്ടുകൾ അംഗീകരിക്കുക എന്നതിലുപരി പ്രാദേശിക ആസൂത്രണത്തിൽ ഗ്രാമ സഭകൾ കാര്യമായ ഒരു പങ്കും വഹിച്ചിട്ടില്ല എന്ന് കണ്ടു. പുതിയ പ്രൊജക്ടുകൾ നിർദ്ദേശിക്കുകയോ, നിർദ്ദേശിക്കപ്പെട്ടവയിൽ ഭേദഗതികൾ നിർദ്ദേശിക്കുകയോ, നിർദ്ദേശിക്കപ്പെട്ട പ്രൊജക്ടുകൾ വിശദമായ ചർച്ചക്ക് വിധേയമാക്കുകയോ ചെയ്തിട്ടില്ല.

III പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ടിട്ടില്ല

പശ്ചാത്തല മേഖലയിലെ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ പഞ്ചായത്തിനെ ഒരു യൂണിറ്റായി കണക്കാക്കണമെന്നും, പ്രൊജക്ടുകളെ വാർഡുകൾക്കിടയിൽ വീതം വയ്ക്കുന്നത് ഒഴിവാക്കണമെന്നും ആസൂത്രണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. 7.2.2017 ൽ ചേർന്ന പൊതുമരാമത്ത്/ഊർജ്ജ വർക്കിംഗ് ഗ്രൂപ്പിന്റെ മിനുട്സിലും ഈ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2017-18 വാർഷിക പദ്ധതിയിൽ ആസൂത്രണം ചെയ്ത് നിർവ്വഹിക്കപ്പെട്ട പ്രൊജക്ടുകൾ ഈ നിർദ്ദേശം ഉൾക്കൊണ്ടല്ല തയ്യാറാക്കപ്പെട്ടത് എന്ന് കാണുന്നു. മരാമത്ത് പ്രൊജക്ടുകളുടെ വർദ്ധിച്ച എണ്ണവും, കുറഞ്ഞ അടങ്കലുള്ള പ്രൊജക്ടുകളുടെ ബാഹുല്യവും, 25 മുതൽ 100 മീറ്റർ വരെ നീളം മാത്രമുള്ള റോഡ് നിർമ്മാണ പ്രൊജക്ടുളും, ഗ്രാമ പഞ്ചായത്തിന്റെ പൊതുവായ ആവശ്യത്തെ മുൻനിർത്തി തയ്യാറാക്കിയ റോഡിതര പ്രൊജക്ടുളുടെ അഭാവവും ഇതിലേക്കാണ് വിരൽ ചൂണ്ടുന്നത്. പ്രോജക്ടുകളുടെ ബാഹുല്യം കാരണം പ്രവൃത്തികളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടം ഉണ്ടാകുന്നില്ല എന്നത് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണ സമിതിയും ഗൗരവമായി പരിഗണിക്കേണ്ടതാണ്.

IV സ്റ്റാന്റിംഗ് കമ്മിറ്റി മേൽനോട്ട ചുമതല കാര്യക്ഷമമായി നിർവ്വഹിച്ചിട്ടില്ല.

പശ്ചാത്തല മേഖലയിലെ പ്രൊജക്ടുകളുടെയും, പൊതുമരാമത്ത്/ഊർജ്ജ വർക്കിംഗ് ഗ്രൂപ്പിന്റെയും മേൽനോട്ട ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത കടമ നിർവ്വഹിക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയതിൽ വർക്കിംഗ് ഗ്രൂപ്പിന് സംഭവിച്ച വീഴ്ച്ച സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗിൽ ചർച്ച ചെയ്യുകയോ കുറ്റമറ്റ രീതിയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തുകയോ ചെയ്തിട്ടില്ല. 23.6.2017 ൽ ചേർന്ന യോഗത്തിൽ പ്രൊജക്ടുകൾ മോണിറ്ററിംഗ് ചെയ്യുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് താൽക്കാലിക കൺവീനർമാരെ നിയമിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടെങ്കിലും ആരെയെല്ലാമാണ് നിയമിച്ചതെന്ന് മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. മരാമത്ത് പ്രൊജക്ടുകൾ ഒന്നു പോലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യാത്തത് സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ചർച്ച ചെയ്യാത്തതിൽ നിന്നും ഇക്കാര്യത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റി തികച്ചും ഉദാസീനമായ സമീപനമാണ് സ്വീകരിച്ചതെന്ന് വ്യക്തമാണ്. 18.8.2017 മുതൽ 26.2.2018 വരെ ചേർന്ന 9 സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിലും 2017-18 ലെ വാർഷിക പദ്ധതി നിർവ്വഹണം വിലയിരുത്തിയതായി മിനുട്സ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രൊജക്ടുകളുടെ തൻവർഷത്തെ ആകെ ചെലവ് ശതമാനം 50% ൽ പരിമിതപ്പെട്ടത് സംബന്ധിച്ചോ, തൻവർഷം ആസൂത്രണം ചെയ്ത 5 ലക്ഷത്തിൽ കൂടുതൽ അടങ്കലുള്ള റോഡിതര പ്രൊജക്ടുകളിൽ ഒന്നിനു പോലും തുക ചെലവഴിക്കാൻ ആകാതിരുന്നതു സംബന്ധിച്ചോ, ഏതെങ്കിലും പ്രൊജക്ട് സംബന്ധിച്ച് പ്രത്യേകമായോ ഒരു വിലയിരുത്തലും നടത്തിയിട്ടില്ല.

മേൽ അപാകതകൾ ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-6 അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിലെ പ്രവർത്തനത്തിലെ പോരായ്മകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിന്റെ പശ്ചാത്തല മേഖലയിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറാണ് ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തിൽ വലിയ ഒരു ഭാഗം നിർവ്വഹിക്കുന്നത്. അതിനാൽ ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണം കാര്യക്ഷമമാകുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിന്റെ പ്രവർത്തനം മികവുറ്റതും കാര്യക്ഷമവുമായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രവർത്തനം പരിശോധിച്ചതിൽ രജിസ്റ്ററുകളുടെയും ഫയലുകളുടെയും സൂക്ഷിപ്പിലും, ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുന്നതിലും സാരമായ വീഴ്ച സംഭവിച്ചിട്ടുള്ളതായി കണ്ടു. വിശദാംശങ്ങൾ താഴെ പറയുന്നു.

സെലക്ഷൻ മെമ്മോ അയക്കുന്നില്ല – കരാർ ചമക്കുന്നതിൽ കാലതാമസം വന്നു.

പി.ഡബ്ല്യു.ഡി മാന്വൽ പാർട് II സെക്ഷൻ 2009.6 അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകമോ, അല്ലെങ്കിൽ ഫേം പിരീഡിന് ഉള്ളിലോ, ഏതാണോ ആദ്യം അതിനകം, ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് ടെണ്ടറർക്ക് നൽകണം. എന്നാൽ 2017-18 ൽ ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ ഒന്നും തന്നെ ഈ നടപടിക്രമം പാലിച്ചിട്ടില്ല. ടെണ്ടർ സ്വീകരിച്ച വിവരവും കരാർ ചമക്കുന്നതിനുള്ള കാലപരിധിയും അറിയിച്ചുകൊണ്ടുള്ള രേഖാമൂലമുള്ള അറിയിപ്പ് ലഭിക്കാത്തതിനാൽ കരാറുകാർ മേൽ ചട്ടത്തിൽ അനുശാസിക്കുന്ന സമയത്തിനുള്ളിൽ കരാർ ഒപ്പുവച്ച് പ്രവൃത്തി ഏറ്റെടുക്കുന്നതിൽ തൻവർഷം വീഴ്ച്ച വരുത്തിയിട്ടുണ്ട്. ഉദാഹരണത്തിന്, ടെണ്ടർ നോട്ടീസ് നമ്പർ.AEE/LSGD/CGP/E-TEN/04/2017-18 തീയ്യതി.17.11.2017 പ്രകാരം ടെണ്ടർ ചെയ്ത 56 പ്രൊജക്ടുളിൽ 65% ൽ അധികം പ്രൊജക്ടുകളുടെയും കരാർ ഒപ്പു വയ്ക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടെന്ന് എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്.

ടെണ്ടർ രജിസ്റ്റർ പൂർണ്ണമല്ല

പി.ഡബ്ല്യു.ഡി മാന്വൽ പാർട് II സെക്ഷൻ 2009.1അനുസരിച്ച്, പ്രവൃത്തികൾ ടെണ്ടർ ചെയ്യുമ്പോൾ ലഭിക്കുന്ന എല്ലാ ടെണ്ടറുകളുടെയും വിവരം ടെണ്ടർ രജിസ്റ്ററിൽ യഥാസമയം ചേർക്കണം. എന്നാൽ ഈ ചട്ടപ്രകാരം ടെണ്ടർ രജിസ്റ്റർ സൂക്ഷിക്കുന്നതിൽ വീഴ്ച്ച വന്നിട്ടുണ്ട്. ടെണ്ടർ നോട്ടീസ് നമ്പർ 3/2017AE /LSGD/VLNR തീയ്യതി.16.8.2017, AEE/LSGD/CGP/E-TEN/04/2017-18 തീയ്യതി.17.11.2017 എന്നിവ പ്രകാരം 2017-18 ൽ 116 പ്രൊജക്ടുകൾ ടെണ്ടർ ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷത്തെ ടെണ്ടർ രജിസ്റ്ററിൽ 8.8.2017 മുതൽ 26.9.2017 വരെ തീയ്യതികളിൽ തുറന്ന 68 പ്രൊജക്ടുകളുടെ ടെണ്ടറുകളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടെണ്ടർ രജിസ്റ്റർ പൂർണ്ണമല്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്.

പ്രൊജക്ട് ഫയലുകളിൽ മുഴുവൻ രേഖകളും ചേർക്കുന്നില്ല.

പ്രൊജക്ടുകളുടെ വിവിധ നിർവ്വഹണ ഘട്ടങ്ങൾ വ്യക്തമാക്കുന്ന മുഴുവൻ രേഖകളും പല ഫയലുകളിലും സൂക്ഷിച്ചിട്ടില്ല. ഇ ടെണ്ടർ ചെയ്ത പ്രൊജക്ടുകളെ സംബന്ധിച്ച്, വിവിധ ക്വോട്ടുകളുടെ കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റ് ഉൾക്കൊള്ളുന്ന പേജ്, ഇ.എം.ഡി സമർപ്പണം, ടെണ്ടർ ഫീ ഒടുക്കിയതിന്റെ വിവരം കരാറുകാരനെ സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ബിഡ് സബ്മിഷൻ സ്റ്റാറ്റസ് എന്നീ പേജുകൾ ഫയലിൽ ചേർക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. ഇത് പ്രൊജക്ടുകളുടെ പരിശോധനയ്ക്ക് വളരെ പ്രയാസം സൃഷ്ടിക്കുന്നുണ്ട്. അതുപോലെ, ഗുണഭോക്തൃ സമിതികൾ നിർവ്വഹിച്ച പ്രൊജക്ടുകളിൽ ഗുണഭോക്തൃ കമ്മിറ്റി മിനുട്സ്, ചെലവ് കണക്കുകളുമായി ബന്ധപ്പെട്ട കാഷ്ബില്ലുകൾ മസ്റ്റർ റോളുകൾ എന്നീ രേഖകളും സൂക്ഷിക്കുന്നതിൽ വീഴ്ച്ച വന്നിട്ടുണ്ട്.

സെക്യൂരിറ്റി ഡെപ്പോസിറ്റിന് നിരീക്ഷണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല, കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽ കൂട്ടുന്നില്ല.

സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്വീകരിക്കുന്നതിന്റെയും തിരിച്ച് നൽകുന്നതിന്റെയും വിവരം എഗ്രിമെന്റ്

രജിസ്റ്ററിലോ, പ്രത്യേകം രജിസ്റ്ററിലോ രേഖപ്പെടുത്തി നിരീക്ഷിക്കുന്നില്ല. ആയതിനാൽ നിലവിൽ ഏതെല്ലാം പ്രവൃത്തികളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്വീകരിച്ചിട്ടുണ്ടെന്നോ, ഏതെല്ലാം തിരിച്ച് നൽകാൻ അവശേഷിക്കുന്നുണ്ടെന്നോ, തിരികെ വാങ്ങാവുന്ന തീയ്യതി മുതൽ മൂന്ന് വർഷത്തിനകം തിരികെ വാങ്ങാത്തതിനാൽ കാലഹരണപ്പെട്ട് തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാൻ യോഗ്യമായ എത്രയുണ്ടെന്നോ പരിശോധിക്കാൻ ആകാത്ത സ്ഥിതിയുണ്ട്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളുടെ വർഷം തിരിച്ച കണക്ക് തയ്യാറാക്കി തുടർ നടപടിക്ക് ശുപാർശ ചെയ്യാത്തതിനാൽ ഇത്തരം ഡെപ്പോസിറ്റുകൾ മുതൽ കൂട്ടുന്നില്ല എന്ന് വ്യക്തമാണ്.

ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കാനുള്ള തുക ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

ഇ ടെണ്ടർ ചെയ്യുന്ന പ്രൊജക്ടുകളിൽ കരാറുകാർ അടവാക്കുന്ന ബിഡ് സബ്മിഷൻ ഫീ (ജി.എസ്.ടി ഉൾപ്പെടെ ടെണ്ടർ ഷെഡ്യൂളിന്റെ വില) ഇനത്തിലുള്ള തുകകൾ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. ഗ്രാമ പഞ്ചായത്തിന് നാളിതുവരെ ഈ ഇനത്തിൽ ലഭിക്കാൻ ഉള്ള തുകകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കുന്നതിന് ഇത് സംബന്ധിച്ച കണക്കുകൾ തയ്യാറാക്കി ഡിമാന്റ് ലെറ്റർ നൽകേണ്ടതുണ്ട്. എന്നാൽ ഇതിനു വേണ്ട നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിനായി വിഷയം ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-7 ഗുണഭോക്തൃ സമിതികളുടെ രേഖകൾ ഹാജരാക്കിയില്ല

ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ ഫയലിൽ ഗുണഭോക്തൃ സമിതികളുടെ മിനുട്സ് ബുക്ക്, ബാങ്ക് പാസ് ബുക്ക്, സാധനങ്ങൾ വാങ്ങിയതിന്റെ കാഷ് ബില്ലുകൾ, മസ്റ്റർ റോളുകൾ എന്നിവ വച്ചിട്ടില്ല.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര്. | കരാർ നമ്പർ | കാഷ് ബിൽ/വൗച്ചർ നമ്പർ | ചെലവ് തുക(രൂപ) |
|---|---|---|---|---|
| 109/18 | കട്ടൂർ മുരുക്കോളി പുറായി റോഡ് അഭിവൃദ്ധിപ്പെടുത്തൽ. | 5/10.5.17 | 5/18.9.17(ബിൽനം)<br>6/18.9.17 (ടി)<br>തനത് | 56680.00<br>2179.00<br>141141.00<br>200000.00 |
| 101/18 | ഇടിമുഴിക്കൽ വാരിയം കുന്നത്ത് റോഡ് | 74/23.1.18 | 72/24.3.18 (വൗച്ചർ) | 95283.00 |
| | ആകെ | | | 2,95,283.00 |

ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 295283.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-8 ചോലയിൽപുറായ് കല്ലിങ്ങൽതൊടി മേത്തൽ റോഡ് - പ്രൊജക്ട് നിർവഹണത്തിലെ അപാകതകൾ

പ്രൊജക്റ്റ് നം : 30/18

അടങ്കൽ :300000.00 (തനത്)

150000.00, എം.ജി(റോഡ്)

450000.00

എം.ബുക്ക് :91/17-18

കരാർ നം : 52/15.12.17

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ.

2017-18ൽ പ്രവൃത്തി നിർവ്വഹണം പൂർത്തിയാക്കിയെങ്കിലും ഫണ്ടിന്റെ അപര്യാപ്തത നിമിത്തം 2018-19 ൽ സ്പിൽ ഓവറായി കൊണ്ടുവന്ന് 8.6.18 ന് ബിൽ അനുവദിച്ച ഈ പ്രൊജക്റ്റിന്റെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. കരാർ ഒപ്പുവയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല

ടെണ്ടർ രജിസ്റ്റർ പേജ് 47 ലെ രേഖപ്പെടുത്തലുകൾ പ്രകാരം 7.9.2017 നാണ് ഈ പ്രൊജക്റ്റിന്റെ ടെണ്ടർ തുറന്നിട്ടുള്ളത്. കേരള പബ്ലിക്ക് വർക്ക് മാനുവൽ പാർട് II സെക്ഷൻ 2009.6 അനുസരിച്ച് ടെണ്ടർ തുറന്ന് ഏഴ് ദിവസത്തിനുള്ളിലോ അല്ലെങ്കിൽ നിരക്കിന്റെ ദൃഢതാ കാലയളവിനുള്ളിലോ, ഏതാണോ ആദ്യം അതിനുള്ളിൽ, സെലക്ഷൻ മെമ്മോ അയക്കണം. സെലക്ഷൻ മെമ്മൊ രജിസ്റ്റർ ചെയ്യുന്ന തീയ്യതി മുതൽ 14 ദിവസത്തിനുള്ളിൽ പിഴയില്ലാതെയും തുടർന്നുള്ള പത്ത് ദിവസം PAC യുടെ 1% പിഴയോടു കൂടിയും കാരാർ ഒപ്പുവയ്ക്കാവുന്നതാണ്. ഈ ചട്ടമനുസരിച്ച്, 7.9.2017 ന് ടെണ്ടർ തുറന്ന ഈ പ്രൊജക്റ്റിന്റെ നിർവ്വഹണത്തിന് പിഴ കൂടാതെ കരാർ ഒപ്പു വയ്ക്കാമായിരുന്ന അവസാന തീയ്യതി 28.9.2017 ആയിരുന്നു. എന്നാൽ 15.12.17 നാണ് കരാർ ഒപ്പുവച്ചിട്ടുള്ളത്. എന്നിട്ടും കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ, 450000x1/100= രൂ.4500.00, ഈടാക്കിയിട്ടില്ല.

2) WBM ന് മുകളിൽ WMMചെയ്യാതെ ചിപ്പിംഗ് കാർപ്പെറ്റും സീൽ കോട്ടും ചെയ്തു

ഈ പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റിലെ ഇനം രണ്ട് സ്പെസിഫിക്കേഷൻ കോഡ്.4.9 പ്രകാരം WMM പ്രവൃത്തി താഴെ പറയുന്ന അളവിൽ നിർവ്വഹിക്കലാണ്.

| | | |
|---|---|---|
| ആദ്യത്തെ ലെയർ | 168x3x0.075 | 37.80എം3 |
| രണ്ടാമത്തെ ലെയർ | 168x3x0.075 | 37.80എം3 |
| നിലവിൽ സോളിംഗ് ചെയ്തതിന് മുകളിൽ | 50x3x0.075 | 11.25എം3 |
| ആകെ | | 86.85 എം3 |

എന്നാൽ എംബുക്ക്, പേജ്.3, പ്രകാരം നിലവിൽ സോളിംഗ് ചെയ്തതിന് മുകളിൽ നിർവ്വഹിക്കാതെ, താഴെ പറയുന്ന അളവിൽ മാത്രമാണ് WMM പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്.

| | | |
|---|---|---|
| ആദ്യത്തെ ലെയർ | 143.30x3x0.075 | 32.25എം3 |
| രണ്ടാമത്തെ ലെയർ | 143.30x3x0.075 | 32.25എം3 |
| ആകെ | | 64.50എം3 |

WMM പ്രവൃത്തിയിൽ വന്ന ഈ കുറവ് പരിഗണിക്കാതെ, പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റിലെ തുടർന്നുള്ള ഇനങ്ങളായ പ്രൈമിംഗ്കോട്ട്, ടാക്ക് കോട്ട്, ചിപ്പിംഗ് കാർപ്പെറ്റ്, സീൽ കോട്ട് എന്നീ പ്രവൃത്തികൾ WBM സോളിംഗിന് മുകളിലും നിർവ്വഹിച്ചിട്ടുള്ളതായി എം ബുക്ക് പരിശോധിച്ചപ്പോൾ കണ്ടു. അതിന്റെ

വിശദാംശങ്ങൾ താഴെ പറയുന്നു.

| ഇനം | ആകെ നിർവ്വഹിച്ച അളവ് | സോളിംഗിന് മുകളിൽ നിർവ്വഹിച്ചത് | സോളിംഗിന് മുകളിൽ നിർവ്വഹിച്ചതിന് നൽകിയ തുക |
|---|---|---|---|
| ഇനം.3. 5.1.1a പ്രൈമിംഗ് കോട്ട് @32/എം2 | 587.55എം2 | 157.55എം2 (32.25/0.075=430എം2, 587.55-430=157.55) | 157.55x32=5041.06 |
| ഇനം.4. 5.1.1a ടാക്ക് കോട്ട് @11/എം2 | 587.55എം2 | 157.55എം2 | 157.55x11=1733.05 |
| ഇനം.5 20എംഎം ചിപ്പിംഗ് കാർപ്പെറ്റ് @157/എം2 | 587.55എം2 | 157.55എം2 | 157.55x157=24735.35 |
| ഇനം.6 സീൽ കോട്ട് @62/എം2 | 587.55എം2 | 157.55എം2 | 157.55x62=9768.10 |
| ആകെ | | | 41277.50 |

നിലവിൽ WBM സോളിംഗ് മാത്രം ചെയ്തിട്ടുള്ള റോഡിൽ 0.075 മീറ്റർ കനത്തിൽ WMM പ്രവൃത്തി ചെയ്യാതെ പ്രൈമിംഗ് കോട്ട്, ടാക്ക് കോട്ട്, ചിപ്പിംഗ് കാർപ്പെറ്റ്, സീൽ കോട്ട് എന്നീ പ്രവൃത്തികൾ നിർവ്വഹിച്ച് റോഡ് നിർമ്മാണം പൂർത്തിയാക്കിയത് സാങ്കേതികമായി ക്രമപ്രകാരമല്ല. അതുപോലെ, ഇത് റോഡിന്റെ നിലനിൽപ്പിനെ ദോഷകരമായി ബാധിക്കുന്നതുമാണ്.
ഫൈനൽ ബിൽ നൽകുമ്പോൾ ഈ അപാകത പരിഹരിക്കേണ്ടതാണ്.

## 3-9 ജി.എസ്.ടി ഈടാക്കാതെ ടെന്റർഫോറം വില്പന നടത്തി

ടെണ്ടർ നോട്ടീസ് നമ്പർ 32017/AE/LSGD/VLNR തീയ്യതി.18.8.2017 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത 60 മരാമത്ത് പ്രൊജക്ടുകളുടെയും ടെണ്ടർ ഫോറങ്ങൾ വില്പന നടത്തിയപ്പോൾ 12% നിരക്കിൽ ജി.എസ്.ടി ചുമത്തിയിട്ടില്ല എന്ന് കണ്ടു. ടെണ്ടർ നോട്ടീസിൽ ടെണ്ടർ

സബ്മിഷൻ ഫീ ആയി ടെണ്ടർ ഫോറത്തിന്റെ വിലക്കൊപ്പം ജി.എസ്.ടി ഉൾപ്പെടെയുള്ള തുക രേഖപ്പെടുത്താതിരുന്നതു കാരണമാണ് ഈ അപാകത സംഭവിച്ചത്. പ്രൊജക്ടുകളുടെ ഫയൽ പരിശോധിച്ചപ്പോഴും ജി.എസ്.ടി ഒഴികെയുള്ള തുക മാത്രമാണ് കരാറുകാർ ടെണ്ടർ സബ്മിഷൻ ഫീ ആയി അടവാക്കിയിട്ടുള്ളത് എന്ന് കണ്ടിട്ടുണ്ട്. മേൽ ടെണ്ടർ നോട്ടീസ് പ്രകാരം ടെണ്ടർ ചെയ്ത പ്രൊജക്ടുകളുടെ വിശദാംശങ്ങൾ താഴെ പറയുന്നു.

| പ്രൊജക്ട് നമ്പർ | അടങ്കൽ | നോട്ടീസ് പ്രകാരം ടെണ്ടർ സബ്മിഷൻ ഫീ (രൂപ) | ഓരോ കരാറുകാരനിൽ നിന്നും ഈടാക്കാൻ അവശേഷിക്കുന്ന ജി.എസ്.ടി(രൂപ) |
|---|---|---|---|
| 15/18 | 300000 | 600 | 72 |
| 16/18 | 120000 | 500 | 60 |
| 17/18 | 300000 | 600 | 72 |
| 18/18 | 450000 | 900 | 108 |
| 19/18 | 200000 | 500 | 60 |
| 20/18 | 300000 | 600 | 72 |
| 21/18 | 250000 | 500 | 60 |
| 22/18 | 250000 | 500 | 60 |
| 23/18 | 200000 | 500 | 60 |
| 24/18 | 300000 | 600 | 72 |
| 25/18 | 400000 | 800 | 96 |
| 26/18 | 400000 | 800 | 96 |
| 27/18 | 435000 | 900 | 108 |
| 28/18 | 300000 | 600 | 72 |
| 29/18 | 100000 | 500 | 60 |
| 30/18 | 300000 | 600 | 72 |
| 32/18 | 150000 | 500 | 60 |
| 33/18 | 400000 | 800 | 96 |
| 34/18 | 500000 | 1000 | 120 |
| 35/18 | 350000 | 700 | 84 |
| 36/18 | 250000 | 500 | 60 |
| 37/18 | 250000 | 500 | 60 |
| 38/18 | 600000 | 1200 | 144 |
| 39/18 | 100000 | 500 | 60 |
| 40/18 | 500000 | 1000 | 120 |
| 41/18 | 450000 | 900 | 108 |

| | | | |
|---|---|---|---|
| 42/18 | 200000 | 500 | 60 |
| 43/18 | 150000 | 500 | 60 |
| 44/18 | 700000 | 1400 | 168 |
| 45/18 | 490000 | 1000 | 120 |
| 46/18 | 120000 | 500 | 60 |
| 47/18 | 100000 | 500 | 60 |
| 48/18 | 200000 | 500 | 60 |
| 49/18 | 350000 | 700 | 84 |
| 50/18 | 300000 | 600 | 72 |
| 51/18 | 500000 | 1000 | 120 |
| 52/18 | 250000 | 500 | 60 |
| 53/18 | 600000 | 1200 | 144 |
| 54/18 | 350000 | 700 | 84 |
| 55/18 | 100000 | 500 | 60 |
| 56/18 | 300000 | 600 | 72 |
| 57/18 | 300000 | 600 | 72 |
| 58/18 | 300000 | 600 | 72 |
| 59/18 | 250000 | 500 | 60 |
| 60/18 | 300000 | 600 | 72 |
| 61/18 | 300000 | 600 | 72 |
| 62/18 | 225000 | 500 | 60 |
| 63/18 | 450000 | 900 | 108 |
| 64/18 | 200000 | 500 | 60 |
| 65/18 | 200000 | 500 | 60 |
| 66/18 | 200000 | 500 | 60 |
| 67/18 | 500000 | 1000 | 120 |
| 68/18 | 300000 | 600 | 72 |
| 69/18 | 200000 | 500 | 60 |
| 70/18 | 450000 | 900 | 108 |
| 71/18 | 75000 | 500 | 60 |
| 72/18 | 250000 | 500 | 60 |
| 73/18 | 250000 | 500 | 60 |
| 74/18 | 150000 | 500 | 60 |
| 75/18 | 200000 | 500 | 60 |

ഒരു പ്രവൃത്തിയുടെ ഒന്നിലധികം ടെണ്ടർ ഷെഡ്യൂളുകൾ വില്ക്കപ്പെടും എന്നതിനാൽ, മേൽപ്പറഞ്ഞ പ്രൊജക്ടുകൾ ഓരോന്നിനും ആകെ ലഭിച്ച ടെണ്ടറുകളുടെ എണ്ണത്തിന് ആനുപാതികമായി ജി.എസ്.ടി ഇനത്തിൽ നഷ്ടമായ തുക കണക്കാക്കി ജി.എസ്. ടി വകുപ്പിൽ അടവാക്കേണ്ടതാണ്.

## 3-10 തിരുവങ്ങാട്താഴം അംഗനവാടി - കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി പൂർത്തിയാക്കിയില്ല

2009-10 ൽ നിർവ്വഹണം നടത്തിയ തിരുവങ്ങാട്ട് താഴം അങ്കണവാടിയുടെ കരാർ റദ്ദ് ചെയ്യുന്നതുമായി ബന്ധപ്പെട്ട ഫയൽ നം.A5/5231/2015 പരിശോധിച്ചപ്പോൾ കരാറിലെ വ്യവസ്ഥകൾ പ്രകാരം പ്രവൃത്തി നിർവ്വഹണം പൂർത്തീകരിക്കാതിരുന്ന കൺവീനറുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല എന്ന് കണ്ടു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ താഴെ പറയുന്നു.

2009-10 ൽ നാല് ലക്ഷം രൂപ വകയിരുത്തി കരാർ നമ്പർ 12/AE/LSGD/CHE തീയ്യതി 9.1.2010 പ്രകാരം കൺവീനറെ നിർവ്വഹണം ഏല്പിച്ച തിരുവങ്ങാട്ട് താഴം അങ്കണവാടിയുടെ നിർമ്മാണ പ്രവർത്തനം നിർവ്വഹണത്തിൽ ക്രമക്കേടുകൾ ഉണ്ടെന്ന ആരോപണത്തെ തുടർന്ന് ഫൗണ്ടേഷനും ബേസ്മെന്റും പൂർത്തിയാക്കിയ ശേഷം നിർത്തിവയ്ക്കുകയും, പൂർത്തീകരിച്ച പ്രവൃത്തിയുടെ അളവെടുത്ത് 10% റിട്ടെൻഷൻ പിടിച്ച ശേഷം 56576രൂപ പാർട്ട് ബിൽ നൽകുകയും ചെയ്യുകയുണ്ടായി. എന്നാൽ കൺവ്വീനർ തുടർന്നുള്ള പ്രവൃത്തികൾ നിർവ്വഹിച്ചില്ല. 2014-15 ൽ ഈ അങ്കണവാടിയുടെ പ്രവൃത്തി പൂർത്തിയാക്കുന്നതിന് 10ലക്ഷം രൂപ അടങ്കലിൽ പുതിയ ഒരു പ്രൊജക്ട് ആവിഷ്കരിച്ചിരുന്നു. എന്നാൽ 2009-10ലെ പ്രൊജക്ട് നിർവ്വഹണത്തിന് ഒപ്പു വച്ച കരാർ റദ്ദ് ചെയ്യാതെ പുതിയ പ്രൊജക്ടിന്റെ നിർവ്വഹണത്തിന് കരാർ ഒപ്പു വയ്ക്കാൻ കഴിയില്ലെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിയെ അറിയിച്ചതിനെ തുടർന്ന്, ഈ വിഷയം ഭരണസമിതി ചർച്ച ചെയ്യുകയും, നിർമ്മാണ പ്രവൃത്തി നിർത്തിവച്ചത് പരാതി മൂലമാണെന്നും, പരാതിയിൽ കഴമ്പില്ലെന്നും, പൂർത്തീകരിച്ച നിർമ്മാണം തൃപ്തികരമാണെന്നും, പഞ്ചായത്തിന് ഇതിൽ നഷ്ടമൊന്നും ഉണ്ടായിട്ടില്ലെന്നും 20.5.2014 ലെ 1(6) നമ്പർ തീരുമാനം അനുസരിച്ച് വിലയിരുത്തി, കരാർ റദ്ദ് ചെയ്യുന്നതിന് സർക്കാർ അനുമതിക്ക് അപേക്ഷിക്കാൻ തീരുമാനിച്ചു. തുടർന്ന് സെക്രട്ടറി 27.5.2014 ലെ A1/1370/2014 നമ്പർ കത്ത് പ്രകാരം കരാർ റദ്ദ് ചെയ്യുന്നതിന് സർക്കാർ അനുമതിക്കായി തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിക്ക് എഴുതുകയുണ്ടായി. ഇതിന് 6.3.2017 ലെ 323/ഇപിഎ3/15/തസ്വഭവ നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന ലഭിച്ച മറുപടിയിൽ, പഞ്ചായത്തുമായി കൺവ്വീനർ ചമച്ച കരാർ റദ്ദ് ചെയ്യുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമില്ലെന്നും, അങ്കണവാടി നിർമ്മാണം നിർത്തി വച്ചത് അടിസ്ഥാനമില്ലാത്ത പരാതി കാരണമായതിനാൽ, പ്രവൃത്തി നിർത്തി വച്ചതു മൂലം ഉണ്ടായ അധികച്ചെലവ് പരാതിക്കാരനിൽ നിന്നും ഈടാക്കുന്നതിന് നിയമം അനുശാസിക്കുന്ന സാധ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്നും തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ 31.3.18 വരെ ഭരണ സമിതി താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

| തീരുമാനം നമ്പർ | തീരുമാനം (ചുരുക്കത്തിൽ) |
|---|---|
| 1(6)/20.5.2014 | നിർമ്മാണ പ്രവൃത്തി നിർത്തിവച്ചത് പരാതിമൂലമാണ്, പരാതിയിൽ കഴമ്പില്ല, പൂർത്തീകരിച്ച നിർമ്മാണം തൃപ്തികരമാണ്, പഞ്ചായത്തിന് ഇതിൽ നഷ്ടമൊന്നും ഉണ്ടായിട്ടില്ല, കരാർ റദ്ദ് ചെയ്യുന്നതിന് സർക്കാർ അനുമതിക്ക് അപേക്ഷ നൽകണം. |
| 7(7)/7.1.2015 | പരാതിക്കാരനിൽ നിന്നും അധികച്ചെലവ് തിരിച്ച് പിടിക്കാൻ കഴിയില്ല എന്ന് ഭരണസമിതിക്ക് ഉത്തമ ബോധ്യമുണ്ട്. |
| 8/8.5.2017 | കരാർ റദ്ദ് ചെയ്യുന്നതിനും, അധികച്ചെലവ് തിരിച്ച് പിടിക്കുന്നതിന് നിയമ നടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചു. |

| | |
|---|---|
| 8(4)/21.8.2017 | കരാർ റിസ്ക് കോസ്റ്റിൽ റദ്ദ് ചെയ്യുന്നതിന് തീരുമാനിച്ചു. |
| 8(5)/21.8.2017 | അധികച്ചെലവ് തിരിച്ച് പിടിക്കുന്നതിന് നിയമ നടപടി സ്വീകരിക്കണം. |
| 1(5)/27.9.2017 | അധികച്ചെലവ് പരാതിക്കാരനിൽ നിന്ന് തിരിച്ച് പിടിക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച നിയമോപദേശം തേടി തുടർ നടപടി സ്വീകരിക്കാൻ സെക്രട്ടറിക്കും, കരാർ റദ്ദ് ചെയ്യാൻ പ്രസിഡണ്ടിനും നിർദ്ദേശം നൽകി. |

ഇത് സംബന്ധിച്ച് താഴെ ക്രമ നമ്പർ ഒന്നിൽ പറയുന്ന രേഖകൾ ഹാജരാക്കേണ്ടതും, ക്രമ നമ്പർ രണ്ടിലെ അപാകതക്ക് വിശദീകരണം നൽകേണ്ടതുമാണ്.

1. എ) പ്രവൃത്തിയുടെ അളവ് പുസ്തകം, ബി) പാർട് ബിൽ, സി)പ്രവൃത്തി നിർവ്വഹണത്തിൽ ക്രമക്കേട് ആരോപിച്ച് ലഭിച്ച പരാതി, ഡി)പരാതിയിൽ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട്, ഇ)പ്രവൃത്തി തുടർന്ന് നടത്തുന്നതിന് കൺവീനർക്ക് ബന്ധപ്പെട്ട എഞ്ചിനീയർ രേഖാമൂലം നിർദ്ദേശങ്ങൾ നൽകിയിരുന്നുവെങ്കിൽ പ്രസ്തുത രേഖകൾ, എഫ്)പ്രവൃത്തി പാതി വഴിയിൽ മുടങ്ങിയത് സംബന്ധിച്ച് എഞ്ചിനീയർ ഭരണ സമിതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിരുന്നുവെങ്കിൽ പ്രസ്തുത റിപ്പോർട്ട്, ജി)പ്രസ്തുത റിപ്പോർട്ടിൽ ഭരണ സമിതി സ്വീകരിച്ച തീരുമാനം (ഈ രേഖകൾ ഒന്നും തന്നെ മേൽപ്പറഞ്ഞ ഫയലിൽ ഇല്ല).

2) പരാതിയിൽ കഴമ്പില്ലെന്ന് ബോധ്യപ്പെട്ട് പാർട്ട് ബിൽ അനുവദിച്ച ശേഷവും കൺവ്വീനർ പ്രവൃത്തി തുടർന്ന് നിർവ്വഹിക്കാൻ തയ്യാറാകാതെ കരാറിലെ വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, പ്രസ്തുത കരാർ റദ്ദ് ചെയ്ത് അവശേഷിക്കുന്ന പ്രവൃത്തി റീടെണ്ടർ ചെയ്ത് കൺവ്വീനറുടെ നഷ്ടോത്തരവാദിത്വത്തിൽ ആയത് പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് പ്രസ്തുത പ്രൊജക്റ്റിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ എഞ്ചിനീയർ ഭരണ സമിതിക്ക് ശുപാർശ നൽകേണ്ടതും, ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി തുടർ നടപടികൾ സ്വീകരിക്കേണ്ടതുമായിരുന്നു. ഇപ്രകാരം ചെയ്തിരുന്നുവെങ്കിൽ 2009-10ൽ അല്ലെങ്കിൽ 2010-11 ൽ തന്നെ പ്രൊജക്റ്റ് പൂർത്തീകരിക്കാനും, അതുവഴി പ്രൊജക്റ്റിന്റെ ഗുണഫലം നാളിതുവരെ നഷ്ടമായത് ഒഴിവാക്കാനും, അതുപോലെ കാലതാമസം മൂലം ഉണ്ടായിട്ടുള്ള അധികച്ചെലവ് വലിയ ഒരളവിൽ ഒഴിവാക്കാനും കഴിയുമായിരുന്നു എന്ന് കാണുന്നു. എന്നാൽ ഇത്തരം നടപടികൾ ഒന്നും തന്നെ സ്വീകരിച്ചതായി കാണുന്നില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

3) 1(5)/27.9.2017 നമ്പർ ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദീകരിക്കേണ്ടതാണ്. പ്രവൃത്തി നടത്തിപ്പിലും മോണിറ്ററിംഗിലും അക്കാലത്തെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും വീഴ്ച ചൂണ്ടിക്കാട്ടുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-11 "പെൺകുട്ടികൾക്ക് കരാട്ടേ പരിശീലനം" - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ICDS സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2017-18 വർഷത്തിൽ നടപ്പിലാക്കിയ " പെൺകുട്ടികൾക്ക് കരാട്ടേ പരിശീലനം" എന്ന പ്രൊജക്റ്റ് പ്രകാരം (Pr.No. SO228/18) തൻ വർഷത്തിൽ 62,750 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് (Cheque No/തീയതി : 7499468/28-3-18). ആയതിന്റെ ചെലവ് സംബന്ധിച്ച് 12-7-18 ൽ നൽകിയ 1-ം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ " NNMHS സ്കൂളിലെ 8,9 ക്ലാസ്സുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് സൗജന്യമായി കരാട്ടേ പരിശീലനം

രക്ഷാകർത്താക്കളുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ 2018 ജനുവരി 1 മുതൽ 3 മാസത്തേക്ക് 40 പേർക്ക് നൽകുകയാണ് ചെയ്തിട്ടുള്ളതെന്നും പെൺകുട്ടികൾ ടി പരിശീലനം പൂർത്തീകരിച്ചിട്ടുണ്ടെന്നും അവർ ടീഷർട്ടുകളും സർട്ടിഫിക്കറ്റുകളും കൈപ്പറ്റിയിട്ടുണ്ടെന്നും ICDS സൂപ്പർവൈസർ അറിയിക്കുകയുണ്ടായി. എന്നാൽ ടി മറുപടിയെ സാധൂകരിക്കുന്ന പ്രകാരമുള്ള മേൽ സ്കൂൾ മേധാവിയുടെ സാക്ഷ്യ പത്രമോ പരിശീലനം നടത്തിയ വ്യക്തിയുടെ യോഗ്യതകൾ സംബന്ധിച്ച വിവരങ്ങളോ പരിശോധനക്ക് ഹാജരാക്കിയില്ല. മേൽ പ്രൊജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റിയുടെ (ക്ഷേമകാര്യം) കാര്യക്ഷമമായ ഇടപെടൽ ഉണ്ടായിട്ടില്ല എന്ന് വ്യക്തമാണ്. ടി രേഖകളുടെ അഭാവത്തിൽ മേൽ പരാമർശിച്ച പ്രകാരമുള്ള തുകയുടെ, 62,750 രൂപ , ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-12 "വയോജനങ്ങൾക്ക് കട്ടിൽ" - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ

2017-18 വർഷത്തിൽ ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ "വയോ ജനങ്ങൾക്ക് കട്ടിൽ" എന്ന പ്രൊജക്ട് പ്രകാരം (Pr.No.SO229/18) തൻ വർഷത്തിൽ 6,01,588 രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് (Try. Bill No/Date:11/23-3-18). ആയതിന്റെ ചെലവ് വിവരങ്ങൾ പരിശോധിച്ചതിൽ ടി ആവശ്യത്തിനായി 145 കട്ടിലുകൾ ART Co. Ltd ൽ നിന്നും വാങ്ങിയതായി കാണുന്നു. ആയത് കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരങ്ങളും അംഗീകൃത ഗുണഭോക്തൃ ലിസ്റ്റും പരിശോധനക്ക് ലഭ്യമാക്കി എങ്കിലും ടിയാളുകളുടെ അപേക്ഷകൾ ഹാജരാക്കിയിട്ടില്ല. (Procurement committee യുടെ മിനുട്സും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല) ആയതിന്റെ അഭാവത്തിൽ ടി ചെലവ് (6,01,588 രൂപ ) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-13 പാലിയേറ്റീവ് രോഗികൾക്ക് മരുന്നും ഭക്ഷണവും - മാർഗ്ഗരേഖ പാലിക്കേണ്ടതാണ്

പ്രോജക്ട് നം.S00223/18 ൽ 2,00,000/-രൂപ അടങ്കലുള്ള (1,50,000 വികസന ഫണ്ട്, 50,000/-തനത് ഫണ്ട്) പ്രൊജക്ടിൽ പാലിയേറ്റീവ് രോഗികൾക്ക് മരുന്നും ഭക്ഷണവും വിതരണം ചെയ്യുന്നതിനായി 1,87,910/-രൂപ (150000വികസന ഫണ്ട്, 37,910/-തനത് ഫണ്ട്) ചെലവഴിച്ചിട്ടുണ്ട്. ആയതിൽ 1,26,598/-രൂപയുടെ (ബിൽനം. 1002130/17353/31.1.2018: 44366/- രൂപ + ബിൽ നം.1002130/17417 /12.3.2018: 82232/- രൂപ) ഭക്ഷണ സാധനങ്ങൾ മാവേലി സ്റ്റോറിൽ നിന്നും വാങ്ങിയിട്ടുണ്ട്. മാർഗ്ഗരേഖ (ജി.ഒ.ആർ.ടി.3217/2015 ത.സ്വ.ഭ.വ 29.10.2015) 2.6.11 പ്രകാരം പാലിയേറ്റീവ് രോഗികൾക്ക് കേന്ദ്ര-സംസ്ഥാന ഭക്ഷ്യ വിതരണ പരിപാടികൾ, ആശ്രയപദ്ധതി എന്നിവ പ്രകാരം ഭക്ഷ്യ ധാന്യം ലഭിക്കുന്നതിന്, അർഹതയുള്ള കുടുംബങ്ങളെ ആ പദ്ധതിയുടെ ഗുണഭോക്താക്കളാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനം നടപടി സ്വീകരിക്കേണ്ടതാണ് എന്ന് വ്യക്തമാക്കുന്നു. പഞ്ചായത്തിൻെറ ആശ്രയ ഭക്ഷണകിറ്റ് കൈപ്പറ്റുന്നവരിൽ 4 പേർ പാലിയേറ്റീവ് പ്രൊജക്ടിലും ഉൾപ്പെട്ടിട്ടുണ്ടെന്നും ഭക്ഷണകിറ്റ് നല്കുന്നതായും ഓഡിറ്റ് എൻക്വയറിയുടെ (നം.5/13.7.2018) മറുപടിയിൽ അറിയിച്ചിട്ടുണ്ട്. വ്യത്യസ്ത പ്രൊജക്ടുകളിൽ ഒരേ ഗുണഭോക്താക്കൾതന്നെ ഉൾപ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പ്രസ്തുത ഭക്ഷ്യ വസ്തുക്കൾ സ്റ്റോക്കിലെടുത്തതിൻെറയും വിതരണം ചെയ്തതിൻെറയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേല്പറഞ്ഞ അപാകതകൾ ഓഡിറ്റ് എൻക്വയറി മുഖേന (3/13.7.2018) അറിയിച്ചിട്ടുണ്ട്. പാലിയേറ്റീവ് രോഗികൾക്ക് ഭക്ഷണത്തിന് തുക ചെലവഴിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-14 മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളിൽ മരുന്നുകൾ ലഭിച്ചിട്ടില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

1.പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് (നം.S00125/18) പ്രകാരം കേരള മെഡിക്കൽ സർവ്വിസ് കോർപ്പറേഷൻ ലിമിറ്റഡിന് (ബിൽ നം.5/17-18/07.3.2018) 1,00,000/-രൂപ മുൻകൂറായി നല്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭിച്ചിട്ടില്ല.

2.പാലിയേറ്റീവ് രോഗികൾക്ക് മരുന്നും ഭക്ഷണവും എന്ന പ്രോജക്ടിൽ(നം.S00223/18)

ബിൽ നം.6/17-18തീയതി:07.3.2018 പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് 50,000/- രൂപ മുൻകൂർ നല്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭിച്ചിട്ടില്ല.

പ്രസ്തുത അപാകത ഓഡിറ്റ് എൻക്വയറി(3/13.7.2018) മുഖേന അറിയിച്ചിട്ടുണ്ട്. മരുന്നുകൾ യഥാസമയം ലഭിക്കുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നതുവരെ ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-15 പരിരക്ഷാപദ്ധതി - അപാകതകൾ

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| അടങ്കൽ തുക: | 3,00,000 /-(വികസനഫണ്ട്) |
| | : 1,75,000/- (തനത് ഫണ്ട്) |
| | ആകെ:4,75,000/- |
| ചെലവ് | :2,99,765/- (വികസന ഫണ്ട്) |
| | :60,690/-(തനത് ഫണ്ട്) |
| ആകെ | :3,60,455/- |

ബിൽ നം.1/17-18/19.9.2017 :56430/-

ട്രഷറി ചെക്ക് നം.34548/29.9.17:40,000/-

ബിൽ നം.2/17-18/28..10.2017 :54410/-

ബിൽ നം.3/17-18/17.1.2018 :51938

ബിൽ നം.4/17-18/07.3.2018 :1,22,935/-

ബിൽ നം.8/17-18/21.3.2018 :14052/-

ട്രഷറി ചെക്ക് നം.7499463/26.3.18:20690/-

പാലിയേറ്റീവ് പരിചരണത്തിനായി 29-10-2015- ന് സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വ എന്ന നമ്പരിൽ സർക്കാർ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. മേൽ ഉത്തരവിലെ പല നിർദ്ദേശങ്ങളും പ്രോജക്ട് നമ്പർ S00116/2018 "പരിരക്ഷ" പദ്ധതിയിൽ പാലിച്ചിട്ടില്ലെന്ന് കാണുന്നു. പദ്ധതി നിർവഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുമായി ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി ഓരോ സാമ്പത്തിക വർഷാരംഭത്തിന് മുമ്പും ഗ്രാമ പഞ്ചായത്ത് രൂപീകരിക്കേണ്ടതും ഓരോ മാസത്തെയും പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കും ഈ യോഗത്തിൽ രേഖാമൂലം

അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. ഇപ്രകാരം ചെയ്തതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

2. പി.എ.സി മിനുട്സ് ബുക്ക്, ഹാജർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

3. മാർഗ്ഗരേഖ ഖ.2.6.3 ഉപഭാഗം (6) പ്രകാരം ഓരോ ദിവസത്തെയും ഹോംകെയർ നടന്നു കഴിഞ്ഞാൽ തൊട്ടടുത്ത ദിവസം ഗൃഹസന്ദർശന വിവരങ്ങൾ രേഖപ്പെടുത്തിയ അനുബന്ധം 3 പ്രകാരമുള്ള ഫോറവും ഹോംകെയർ റിപ്പോർട്ട് ബുക്കും പാലിയേറ്റീവ് കെയർ നേഴ്സ് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് ഒപ്പ് വാങ്ങിക്കേണ്ടതാണ്. എന്നാൽ ഹോംകെയർ റിപ്പോർട്ട് ബുക്കിൽ നാളിതു വരെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

4. മാർഗ്ഗരേഖ ഖ.2.5 പ്രാഥമിക പാലിയേറ്റീവ് സേവനം ലഭ്യമാക്കേണ്ടവരുടെ രജിസ്ട്രേഷൻ - ഉപ ഭാഗം 2.5.6 പ്രകാരം *"ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനകം നോമിനൽ രജിസ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരുവിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുന്ന കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും അനുസരിച്ച് അതാത് സമയത്ത് വെബ്സൈറ്റിലുള്ള ലിസ്ററിലും മാറ്റം വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്ററ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്റ്റിൽ നിന്ന് ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനു ശേഷം തുക ചിലവഴിക്കാൻ പാടില്ല."* ആയത് *പാലിച്ചിട്ടില്ല.*

5 മാർഗ്ഗരേഖ 2.6.3-(7) പ്രകാരം ഓരോ ദിവസവും ഗൃഹസന്ദർശനം നടന്നു കഴിഞ്ഞാൽ അന്നുതന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് പാലിയേറ്റീവ് കെയർ നഴ്സ് കംപ്യൂട്ടർ സോഫ്റ്റ്‌വെയർ മുഖേന അപ്‌ലോഡ് ചെയ്യേണ്ടതാണ്. അതിനാവശ്യമായ ഓൺലൈൻ സംവിധാനം ഐ.കെ.എം ലഭ്യമാക്കുന്നതാണ്. എന്നാൽ ഈ നിർദേശവുമായി ബന്ധപ്പെട്ട തുടർ നടപടി പരിശോധിക്കാൻ യുക്തമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

6. 26.3.2018, 27.3.2018, 28.3.2018, 30.3.2018, 31.3.2018 (5ദിവസങ്ങൾ) എന്നീ ദിവസങ്ങളിൽ പെയിൻ & പാലിയേറ്റീവ് ഗൃഹ സന്ദർശനം നടത്തിയതിൻെറ ഭാഗമായുള്ള Tripsheet, ഭക്ഷണത്തിൻെറ വൗച്ചറുകൾ എന്നിവ ഹാജരാക്കിയിട്ടുണ്ടെങ്കിലും ഹോംകെയർ റിപ്പോർട്ട് ബുക്കിൽ പ്രസ്തുത തീയതികളിൽ ഗൃഹ സന്ദർശനം നടത്തിയതിൻെറ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ഭക്ഷണത്തിന് 870/-രൂപയും രൂപയും വാഹന വാടകയിനത്തിൽ 3990/-രൂപയും ചെലവഴിച്ചിട്ടുണ്ട്

മേല്പറഞ്ഞ അപാകതകൾ ഓഡിറ്റ് എൻക്വയറി നമ്പർ-4/13.7.2018 പ്രകാരം അറിയിച്ചിട്ടുണ്ട്. പാലിയേറ്റീവ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി 17-07-2018 ന് ലഭഅയമാക്കിയ മറുപടിയിൽ പരിരക്ഷാ നഴ്സ് ഹോം കെയർ റിപ്പോർട്ട് ബുക്കിൽ രേഖപ്പെടുത്താൻ വിട്ടുപോയതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേരും നമ്പറും | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| കൊണ്ടോട്ടി ബ്ലോക്ക് | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള | 200000 | ഇല്ല |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | സ്കോളർഷിപ്പ് പ്രൊജക്ട് നമ്പർ 21 | | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | കുറ്റിപ്പറമ്പ് ട്രാൻസ്ഫോർമർ മുതൽ സിൽക്ക് പാലം വരെ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ പ്രൊജക്ട് നമ്പർ 191/18 ward 1 | 21700960/ 07.03.2018 | 193842 | 193842 | പൂർത്തീകരിച്ചിട്ടില്ല | ഇല്ല |

## 4-3 മൊബൈലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | -- |
| തൻവർഷം നിക്ഷേപിച്ച തുക | 25,00,000 |
| ആകെ | 25,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 25,00,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം,ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ, തിയതി |
|---|---|---|---|---|
| 2013-14. 2014-15 | ലഭ്യമല്ല | 298 | പാളയക്കോടൻ അബ്ദുറഹ്മാൻ | 117020100608/ 03.05.2017 |
| 2014-15 | 2-1 | 3,295 | എമറാൾഡ് പ്ലാസ്റ്റമേഴ്സ് | 11702050045/ 16.6.2017 |
| 2013-14, 2014-15 | 2-1 | 1,843 | കമ്മലശ്ശേരി | 117020101868/ 28.6.2017 |

| | | | | |
|---|---|---|---|---|
| 2015-16 | 2-5 | 8,100 | അബൂബക്കർ | 117020102016/ 4.7.2017 |
| | ലഭ്യമല്ല | 5,550 | മുഹമ്മദ് വയോളി, പി.പി പെട്രോളിയം | 117020102074/ 5.7.2017 |
| 2016-17 | 2-2 | 200 | മുഹമ്മദ് ഇസ്മായിൽ | 117020102743/ 2.8.2017 |
| 2013-14, 2014-15 | ലഭ്യമല്ല | 2,054 | അബ്ദുള്ള മുസ്ല്യാർ | 117020102790/ 5.8.2017 |
| 2016-17 | 2-2 | 93 | രജീഷ് | 117020104897/ 16.11.2017 |
| 2016-17 | 2-4 | 100 | കെ.സുഗതകുമാരി | 117020107799/ 1.3.2018 |
| 2016-17 | 2-4 | 3,000 | റഫീക്ക് വി | 117020107941/ |
| 2016-17 | 3-3 | 455 | രാജപ്പൻ, അസി.എഞ്ചിനീയർ | 117020108459/ |
| 2016-17 | 3.1 | 2495 | രാജപ്പൻ, അസി.എഞ്ചിനീയർ | KL011044162/ 2017(Sub Treasury, Kondotty) |
| 2015-16 | 2.5 | 3840 | ഗോഢ്റേജ് അപ്ലൈൻസസ് | 11702101400/6.6.17 |
| 2015-16 | 2-5 | 8850 | ഗോഢ്റേജ് അപ്ലൈൻസസ് | 11702101399/6.6.17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 46,50 | 2003-04 | പൊതുപരാമർശം | 1.ഓഫീസ് കെട്ടിട നിർമ്മാണം 2.പാലത്തിങ്ങൽ റോഡ് പുനരുദ്ധാരണം | നിലനില്ക്കുന്നു |
| 2000-01 | 31,38 | 2003-04 | -- | 1.ഡി ആന്റ് ഒ ലൈസൻസ് 2.സി.എഫ്.എൽ | നിലനില്ക്കുന്നു |
| 2011-12, 2012-13 | 3(1) | 2014-15 | പൊതുപരാമർശം | നിഷ്ക്രിയ ആസ്തികൾ അവലോകനം | നിലനില്ക്കുന്നു |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർചാർജ്ജ് നോട്ടീസ് | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1 | 1998-99 | 43,46,49, 50,51,55, | ശ്രീമതി മനുഭായി, | LF15372/spl.cell /sc5/05/ | LFM12/196/02/30.10.10 പുനരഭിപ്രായകുറിപ്പിൽ തുക |

| | | | | | |
|---|---|---|---|---|---|
| | | 59,60 | സെക്രട്ടറി | 1.11.08/17.11.08 | ഭരണതല നടപടികളിലൂടെ ഈടാക്കുന്നതിനും ഖ.46,50 എന്നിവ CARൽ ഉൾപ്പെട്ടതിനാൽ തീരുമാനത്തിനും ഖ.49,51,52എന്നിവയുടെ തടസവും സർചാർജ്ജ് നടപടിയും ഒഴിവാക്കിയതായും ഖ.59,60 എന്നിവ DPC സാധൂകരണത്തിനും നിർദ്ദേശിച്ച. ഖ.50 പ്രകാരമുള്ള 11,278/-രൂപയിൽ 1,540/- രൂപ Rt.No.11402103887/12.12.17പ്രകാരം ശ്രീ.മൂസക്കുട്ടി അടവാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 2 | 2002-03 | 3(9) | ശ്രീമതി മാലിനി | LF8465/spl.cell /sc5/08 | രൂപ ഈടാക്കിയതായി വിവരമില്ല |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 112817708.85 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 97699289 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7,100/- |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 14,74,013/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2,600/- | ശ്രീ.സുധീർ, സെക്രട്ടറി |
| 3-8 | 4,500/- | ശ്രീ.രാജപ്പൻ പി.ജി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 7,100/- | |

സി) ഓഡിറ്റിൽ തടസപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 1,93,842 | ശ്രീ.സുധീർ, സെക്രട്ടറി |
| 3-4 | 37,050 | ശ്രീ.സുധീർ, സെക്രട്ടറി |
| 3-7 | 1,70,550<br>2,95,283 | ശ്രീ. രാജപ്പൻ, അസിസ്റ്റന്റ് എഞ്ചിനീയർ Rs. 2,00,000/- ശ്രീമതി. സജ്ന ഒ, അസിസ്റ്റന്റ് എഞ്ചിനീയർ Rs. 95,283/- |
| 3-11 | 62,750 | ശ്രീമതി. ജമീല ഒ.ടി., ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-12 | 6,01,588 | ശ്രീമതി.ജമീല ഒ.ടി., ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-14 | 1,50,000 | ഡോ. പ്രസൂൺ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

| | | |
|---|---|---|
| ആകെ | 14,74,013/- | |

ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുധീർ, സെക്രട്ടറി | സെക്രട്ടറി, കാരശ്ശേരി ഗ്രാമപഞ്ചായത്ത് | 'കമലിനി", അത്താണിക്കൽ, വള്ളിക്കുന്ന് പി.ഒ |
| ശ്രീ.രാജപ്പൻ പി.ജി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കൊടുനള്ളി ഗ്രാമപഞ്ചായത്ത് | പിമ്പാണിപ്പറമ്പ്, വടക്കേക്കര പി.ഒ, നോർത്ത് പറവൂർ, എറണാകുളം – 683522 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1994-95, 1995-96 | എൽ.എഫ്.എം.6/2576/16 തിയ്യതി 03.12.2012 | 16 | |
| 1996-97 | എൽ.എഫ്.എം.13/737/98 തിയ്യതി 30-10-2010 | 5 | |
| 1997-98 | എൽ.എഫ്.എം.13/770/00 തിയ്യതി 30-10-2010 | 17 | |
| 1998-99 | എൽ.എഫ്.എം.6/2537/12 തിയ്യതി 03-12-2012 | 20 | |
| 1999-00 | എൽ.എഫ്.എം.12/196/02 തിയ്യതി 30-10-2010 | 12 | |
| 2000-01 | എൽ.എഫ്.എം.6/390(എ)/03 തിയ്യതി 02-05-2014 | 6 | |
| 2001-02 | എൽ.എഫ്.എം.7/738/03 തിയ്യതി 30-10-2010 | 17 | |
| 2002-03 | എൽ.എഫ്.എം.14/2481/07 തിയ്യതി 30-10-2010 | 11 | |
| 2004-05 | എൽ.എഫ്.എം.14/2481/07 തിയ്യതി 30-10-2010 | 8 | |
| 2005-06 | എൽ.എഫ്.എം.14/1394/08 തിയ്യതി 30-10-2010 | 9 | |
| 2006-07 | എൽ.എഫ്.എം.14/2113/12 തിയ്യതി 03.11.2012 | 17 | |

| | | | |
|---|---|---|---|
| 2007-08 | എൽ.എഫ്.എം.6/2079/10 തിയ്യതി 20-04-2011 | 12 | |
| 2008-09 | എൽ.എഫ്.എം.6/2433/12 തിയ്യതി 03-12-2012 | 5 | |
| 2009-10, 2010-11 | എൽ.എഫ്.എം. 6/2318/13 തിയ്യതി 07-12/2013 | 8 | |
| 2011-12, 2012-13 | എൽ.എഫ്.എം. 6/3375/14 തിയ്യതി 18.01.2018 | 11 | |
| 2013-14, 2014-15 | കെ.എസ്.എ എം.പി.എം 6/542/18 തി. 31.03.2018 | 13 | |
| 2015-16 | കെ.എസ്.എ എം.പി.എം 6/3334/2016 തി. 28.03.2018 | 21 | |
| 2016-17 | കെ.എസ്.എ എം.പി.എം 6/1774/2017 തിയതി 10.07.2018 | 21 | |

## അനുബന്ധം I

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം.6/1447/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി 03-07-2018

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംഭിച്ചും 22.05.2018ലെ (സാധാ)1413/2018 /ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം